DESPATCHED
On. 25/2/22.
22/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1788(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 15595/SIC-G4/2021)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2022 ഫെബ്രുവരി 22**

ശ്രീ. ടി.ആർ. അഴകപ്പൻ,
തകിടിയേൽ,
കട്ടച്ചിറ പി.ഒ.,
കോട്ടയം – 686 572. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സഹകരണ ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടറാഫീസ്,
മീനച്ചിൽ, പാലാ, കോട്ടയം.

2) അപ്പീൽ അധികാരി &
ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ,
സഹകരണ ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടറാഫീസ്,
മീനച്ചിൽ, പാലാ, കോട്ടയം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 08/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 02/08/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 28/08/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 06/10/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 22/11/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 29/11/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 09/12/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 31/12/2021 |
| ഹിയറിംഗ് നടന്ന തീയതി | 22/02/2022 -(വീഡിയോ/ ഓഡിയോ ഹിയറിംഗ്) |
| ഹിയറിംഗ് സാന്നിദ്ധ്യം :അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ., അപ്പീൽ അധികാരി | ഹാജരായി ആഡിയോ<br>ഹാജരായിരുന്നു |

## ഉത്തരവ്

ശ്രീ. അഴകപ്പൻ ടി.ആർ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഈരാട്ടുപേട്ട ബ്ലോക്കിലെ പുഞ്ഞാർ ക്ഷീര സംഘത്തിന്റെ 2017-18 വർഷത്തെ ഓഡിറ്റു റിപ്പോർട്ടിൽ സംഘം ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും വ്യക്തമായ മറുപടി ലഭിച്ചിട്ടില്ലെന്നും ആയതിനാൽ ടിയാന്റെ അപേക്ഷയും അപ്പീലും

പരിഗണിച്ചു ശരിയായ വിവരം നൽകുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ഈരാട്ടുപേട്ട ബ്ലോക്കിലെ പൂഞ്ഞാർ ക്ഷീര സംഘത്തിന്റെ 2017-18 വർഷത്തെ ഓഡിറ്റു റിപ്പോർട്ടുമായി ബന്ധപ്പെട്ടു താഴെ പറയുന്ന വിവരങ്ങളും രേഖകളും നൽകണമെന്നാണ്:

i. സഹകരണ ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ, മീനച്ചലിന്റെ കോട്ടയം ജോയിന്റ് ഡയറക്ടർക്ക് അയച്ച 2.6.2020-ലെ നം.ഇ1/2020 കത്തിന്റെ പകർപ്പ്

ii. പൂഞ്ഞാർ ക്ഷീര സംഘത്തിന്റെ 2017-18 വർഷത്തെ ഓഡിറ്റു റിപ്പോർട്ട്: പാർട്ട് എൽ(3) പുറത്താക്കപ്പെട്ട ജീവനക്കാർക്ക് സംഘം ശമ്പളമിനത്തിൽ നൽകിയിരുന്ന 3,66,970/- രൂപ നിയമന അംഗീകാരം നൽകിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്ന് ശ്രീ.ജോസുകുട്ടി എന്ന ഓഡിറ്ററും, 2018-19-ൽ 41,766/- രൂപയും ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടാതാണെന്നു ശ്രീ. ജോയിസ് മാത്യു ഓഡിറ്ററും രേഖപ്പെടുത്തിയിരുന്നു. ജീവനക്കാർക്ക് സംഘം നൽകിയ ടി ശമ്പളം തിരിച്ചടക്കണമെന്നു ഓഡിറ്റർമാർ രേഖപ്പെടുത്തിയിട്ടുള്ളത് ഏതു നിയമത്തിന്റെ പിൻബലത്തിലാണെന്ന വിവരവും ബന്ധപ്പെട്ട രേഖകളും നൽകണമെന്നും

iii. 2016-17 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് 11 ന്യൂനതാ സംഗ്രഹം പാർട്ട് എ-ൽ 5,26,715/- രൂപ, 41,624.10/- രൂപ, 95,392/-രൂപ എന്നീ തുകകൾ പ്രസിഡന്റ് ശ്രീ.വിവി. ജോസഫിന്റെ പക്കൽ നിന്നും ഈടാക്കേണ്ടതാണ് എന്ന് ഓഡിറ്റർ ശ്രീമതി സൗമ്യ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടി തുകകൾ 2017-18 ഓഡിറ്റ് റിപ്പോർട്ടിൽ കാണുന്നില്ല. ടി തുകകൾ എപ്രകാരം ക്രമീകരിക്കപ്പെട്ടു എന്ന വിവരം ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 02.08.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടി തൃപ്തികരമല്ലെന്ന് ആരോപിച്ച് 28.8.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് 06.10.2021 തീയതി മറുപടി നൽകിയതായി കാണുന്നു.

4. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, പൂഞ്ഞാർ ക്ഷീര വ്യവസായ സഹകരണ സംഘത്തിൽ ആഡിറ്റ് നടത്തി ആഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നത് പാലാ മീനച്ചിൽ കോ-ഓപ്പറേറ്റീവ്

ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ ആഫീസിൽ നിന്നാണെന്നും ടി സംഘത്തിന്റെ 2017–18 വർഷത്തെ ആഡിറ്റ് റിപ്പോർട്ടുമായി ബന്ധപ്പെട്ട രേഖകൾക്കു വേണ്ടി ശ്രീ.ടി.ആർ.അഴകപ്പൻ 8.7.2021–ൽ അപേക്ഷ സമർപ്പിച്ചിരുന്നു എന്നും ടി അപേക്ഷയിലെ പാലാ മീനച്ചിൽ കോ–ഓപ്പറേറ്റീവ് ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ ആഫീസിൽ ലഭ്യമായ വിവരങ്ങൾ 2.8.2021–ൽ അപേക്ഷകനു നൽകിയിട്ടുണ്ടെന്നും അപേക്ഷയിൽ രണ്ടാമതായി ആവശ്യപ്പെട്ടിരുന്നത് നിയമസാധുതയില്ലാതെ സംഘത്തിൽ നിയമനം ലഭിച്ചതിനാൽ സർവ്വീസിൽ നിന്നും നീക്കം ചെയ്ത ജീവനക്കാർക്ക് നൽകിയ ശമ്പളം ഉദ്യോഗസ്ഥർ തിരിച്ചടയ്ക്കണമെന്ന ആഡിറ്റ് രേഖപ്പെടുത്തൽ ഏതു നിയമത്തിന്റെ പിൻബലത്തിലാണെന്നുള്ള ചോദ്യം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിലെ 2–ാം ഇനത്തിൽ ആവശ്യപ്പെട്ട ജീവനക്കാർക്ക് സംഘം നൽകിയ ശമ്പളം, ടി ജീവനക്കാർക്ക് നിയമന അംഗീകാരം നൽകിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ് എന്ന് ഓഡിറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയത് ഏത് നിയമത്തിന്റെ പിൻബലത്തിലാണ് എന്ന ചോദ്യത്തിന് വ്യക്തമായ മറുപടി എതിർകക്ഷികൾ നൽകിയില്ല എന്നതാണ് ഹർജിക്കാരന്റെ ആക്ഷേപം എന്ന് കാണുന്നു. വിവരാവകാശ നിയമപ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾക്ക് പൊതു അധികാരിയുടെ കൈവശമുള്ളതോ അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ നൽകുക എന്നതാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പ്രധാന ചുമതല. വിവരാവകാശ ഓഫീസറുടെ വ്യക്തിപരമായ അഭിപ്രായം/ഉപദേശം തേടുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകുക, രേഖകളുടെ വിശദീകരണം വ്യാഖ്യാനം, സ്പഷ്ടീകരണം, സാങ്കൽപിക ചോദ്യങ്ങൾ എന്നിവയൊന്നും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതുമല്ല. ആയതിനാൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ലഭ്യമായ വിവരങ്ങൾ എതിർകക്ഷികൾ നൽകിയിട്ടുണ്ട് എന്ന് കമ്മീഷന് ബോധ്യമാകുന്നു. എന്നാൽ നൽകിയ മറുപടികളിൽ ഹർജിക്കാരന്റെ ആക്ഷേപം ഉന്നയിച്ചിരിക്കുന്ന സാഹചര്യത്തിൽ ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ ബന്ധപ്പെട്ട രേഖകൾ നേരിട്ട് പരിശോധിക്കാൻ ഒന്നാം എതിർകക്ഷി ഹർജിക്കാരന് അവസരം നൽകേണ്ടതാണ്.

6. വിവരാവകാശ നിയമപ്രകാരം അപ്പീൽ തീർപ്പാക്കുന്നത് ഒരു അർദ്ധ ജുഡീഷ്യൽ പ്രവർത്തിയാണ്. ആയതിനാൽ അപ്പീൽ അധികാരി പുറപ്പെടുവിക്കുന്ന ഉത്തരവ് സ്വയം വിശദീകരിക്കുന്നതും രണ്ടാം അപ്പീൽ കാലാവധി, അപ്പീൽ അധികാരിയുടെ വിലാസം എന്നിവ രേഖപ്പെടുത്തി സമയബന്ധിതമായി വേണം മറുപടി നൽകേണ്ടത്. ഇക്കാര്യത്തിൽ 28.8.2021–ന് നൽകിയ അപ്പീൽ 6.10.2021–നാണ്

രണ്ടാം എതിർകക്ഷി തീർപ്പാക്കിയിട്ടുള്ളത്. ടി വീഴ്ചകൾ വിവരാവകാശ നിയമം 19(6) വകുപ്പിന്റെ ലംഘനമാണെന്നതിനാൽ ഇക്കാര്യത്തിലുള്ള ടിയാന്റെ വിശദീകരണം 15.3.2022-നകം കമ്മീഷനിൽ ഹാജരാക്കണമെന്ന് രണ്ടാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ഫെബ്രുവരി 22-ാം തീയതി താത്കാലികമായി തീർപ്പാക്കി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

us